15 -ാം കേരള നിയമസഭ

12 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2201 | 14-10-2024 - ൽ മറുപടിയ്ക്ക്

## ആര്യങ്കാവിലെ ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ ചെക്ക് പോസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവിൽ ഭക്ഷ്യ സുരക്ഷ വകുപ്പിന് ചെക്ക് പോസ്റ്റ് അനുവദിച്ചിട്ടുണ്ടോ; ചെക്ക് പോസ്റ്റ് അനുവദിച്ചതായുള്ള നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ചെക്ക് പോസ്റ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കൊല്ലം ജില്ലയിലെ പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന് പരിശോധനാ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ജി.എസ്.ടി വകുപ്പിന്റെ ഉടമസ്ഥതയിലായിരുന്ന കെട്ടിടം അറ്റകുറ്റ പണികൾ നടത്തിയിരുന്നു. എന്നാൽ 24 മണിക്കൂർ പരിശോധനകൾ ഉറപ്പുവരുത്തുന്നതിനായി കുറഞ്ഞത് 3 ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെയും അനുബന്ധ ഉദ്യോഗസ്ഥരുടെയും സേവനം ആവശ്യമാണെന്ന് കണ്ടിരുന്നു. ആയതിന് ആവശ്യമായ ജീവനക്കാരുടെ അഭാവം മൂലം ആയത് പ്രവർത്തനക്ഷമമാക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ലബോറട്ടറി സംവിധാനം വാഹനങ്ങൾ തടഞ്ഞുനിർത്താനുള്ള ബാരിക്കേഡ് ഒരുക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുള്ളതല്ല. |
| (ബി) | പ്രസ്തുത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാർ, ലബോറട്ടറി സൗകര്യങ്ങൾ, വാഹനങ്ങൾ തടഞ്ഞുനിർത്താനുള്ള ബാരിക്കേഡ് സംവിധാനങ്ങൾ എന്നിവ എപ്പോൾ അനുവദിക്കാൻ കഴിയുമെന്നും അതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (ബി) | മുകളിലെ (എ) പിരിവിൽ നൽകിയിട്ടുണ്ട്. |
| (സി) | ആര്യങ്കാവ് ചെക്ക് പോസ്റ്റ് സംവിധാനം ഉപേക്ഷിക്കുന്നത് സംബന്ധിച്ച് ഭക്ഷ്യ സുരക്ഷ വകുപ്പ് ജില്ലാ അധികൃതർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദമാക്കുമോ; | (സി) | ആവശ്യമായ ജീവനക്കാരുടെ അഭാവത്തിൽ ആര്യങ്കാവിൽ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന് തയ്യാറാക്കിയിരുന്ന ചെക്ക് പോസ്റ്റ് ജി.എസ്.ടി വകുപ്പിന് തിരികെ നൽകാവുന്നതാണെന്ന് കൊല്ലം ജില്ല ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനത്തിനായി ജി.എസ്.ടി. വകുപ്പ് അനുവദിച്ച കെട്ടിടം നാളിതുവരെ ഉപയോഗിക്കാത്ത സാഹചര്യത്തിൽ അത് തിരികെ | (ഡി) | ജി.എസ്.ടി വകുപ്പ് കത്ത് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | നൽകണമെന്ന് ആവശ്യപ്പെട്ട് ജി.എസ്.ടി. വകുപ്പ് കത്ത് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# കൊല്ലം ജില്ലാ ഭക്ഷ്യസുരക്ഷാ അസി.കമ്മീഷണറുടെ കാര്യാലയം

ടി.ബി.സെന്റർ ബിൽഡിംഗ്, കൊല്ലം-691001

ഫോൺ: 0474-2766950

dfikollam@gmail.com


നം. എ1-994/2020/എസിഎഫ്എസ്കെ

തീയതി 30/09/2024

സ്വീകർത്താവ്

ഭക്ഷ്യ സുരക്ഷ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം : ഭ.സു.വ- കൊല്ലം - ആര്യങ്കാവ് ചെക്ക്പോസ്റ്റ് കെട്ടിടം തിരികെ GST വകുപ്പിന് കൈമാറുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്നതിന് - സംബന്ധിച്ച്

ആര്യങ്കാവ് ചെക്പോസ്റ്റിൽ ചരക്ക് സേവന നികുതി വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന കെട്ടിടം ഭക്ഷ്യ സുരക്ഷാ വകുപ്പിന് കൈമാറിയിരുന്നു.400000 രൂപ ചിലവാക്കി അറ്റകുറ്റ പണികൾ പൂർത്തിയാക്കിയ കെട്ടിടമായിരുന്നു ഭക്ഷ്യ സുരക്ഷാ കമ്മീഷണറെ നേരിൽ കണ്ട് ടി വിഷയം ചർച്ച ചെയ്തതിൽ ഭക്ഷ്യ സുരക്ഷാ ചെക്ക് പോസ്റ്റ് എന്ന ബോർഡ് വച്ച് പ്രവർത്തിക്കേണ്ട കാര്യം ഇല്ല എന്നും സർപ്രൈസ് പരിശോധനകൾ /സംയുക്ത പരിശോധനകൾ എന്നിവയുമായി ബന്ധപ്പെട്ട് അതിർത്തി പരിശോധന നടത്തിയാൽ മതി എന്നും ബഹു.കമ്മീഷണർ നിർദ്ദേശിക്കുകയുണ്ടായി. സ്ഥിരം സംവിധാനത്തിൽ പ്രവർത്തിക്കാനുള്ള ജീവനക്കാർ ഇല്ലാത്തതിനാലും ടി കെട്ടിടം വാട്ടർ കണക്ഷൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാലും കെട്ടിടം സ്ഥിരമായി ഉപയോഗിക്കാത്തത് മൂലം ഇതിന്റെ പരിസരവും മറ്റും കാട് പിടിച്ച് കിടക്കുകയും നിശ്ചിത ഇടവേളകളിൽ കെട്ടിടവും പരിസരവും വൃത്തിയാക്കുന്നതിന് നിലവിൽ സംവിധാനം ഇല്ലാത്തതുമാണ്. ആയതിനാൽ ബഹു. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിർദ്ദേശപ്രകാരം ഭക്ഷ്യ സുരക്ഷാ ചെക്ക്പോസ്റ്റ് എന്ന ബോർഡ് വച്ച് പ്രവർത്തിക്കുന്ന ടി കെട്ടിടം തിരികെ GST വകുപ്പിന് നൽകുന്നതിനുള്ള നടപടിക്രമങ്ങൾക്കായി സമർപ്പിക്കുന്നു

വിശ്വസ്തതയോടെ

ഭക്ഷ്യ സുരക്ഷ അസി.കമ്മീഷണർ
കൊല്ലം